പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 236 9/3/2017 ൽ മറുപടിക്ക്

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ:<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ.ഇ.കെ.വിജയൻ:<br>ശ്രീമതി സി.കെ. ആശ: | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) പക്ഷിപ്പനി മൂലം 2016ൽ താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ സാഹചര്യത്തിൽ. താറാവ് കർഷകർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ: | എ) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) വൻകിടക്കാർക്കാണ് ഇത്തരത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) നഷ്ടപരിഹാരം നല്കുന്നതിന് പരിധി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : | സി) നഷ്ടപരിഹാരം നല്കുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ല. പരിധി നിശ്ചയിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. |
| ഡി) അനർഹർ മറ്റ് മേഖലകളിൽ നിന്ന് താറാവുകളെ കൊണ്ടുവന്ന് നഷ്ടപരിഹാരം തട്ടിയെടുക്കാൻ ശ്രമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ? | ഡി) ഇതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ഒരു കർഷകൻ ഇത്തരത്തിൽ 10,500 താറാവിൻ കുഞ്ഞുങ്ങളെ പക്ഷിപ്പനി ബാധയ്ക്ക് ശേഷം കൊണ്ടുവന്നതായി കണ്ടെത്തിയതിനെ തുടർന്ന് നഷ്ടപരിഹാരം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>കോട്ടയം ജില്ലയിലെ 7281 വളർത്തു പക്ഷികളെയും (താറാവ് അല്ലാത്തവ) നഷ്ടപരിഹാരം നല്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**നഷ്ടപരിഹാരം നൽകിയതു സംബന്ധിച്ച വിവരം**

| | ആലപ്പുഴ | കോട്ടയം | ആകെ | നഷ്ടപരിഹാര തുക |
|---|---|---|---|---|
| കർഷകർ | 97 | 41 | 138 | |
| താറാവ് (2 മാസത്തിനു മേൽ) | 322699 | 133840 | 456539 | 91307800 |
| താറാവ്(2 മാസത്തിനു താഴെ) | 243634 | 18991 | 262625 | 26262500 |
| മുട്ടകുഞ്ഞുങ്ങൾ | 8400 | -- | 8400 | 42000 |
| ആകെ | 574733 | 152831 | 727564 | --- |
| അർഹതയില്ലെന്ന് കണ്ടെത്തിയത് | 10500 | 7281 | 17781 | |
| ആകെ പക്ഷികളുടെ എണ്ണം | | | 745345 | |
| മുട്ട | 152313 | -- | 152313 | 761565 |
| ആകെ | | | | 11,83,73,865 |

സെക്ഷൻ ഓഫീസർ